“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/107/2025-C (1)**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in

തീയ്യതി: **17-03-2025**

ക്വട്ടേഷൻ നോട്ടീസ് നമ്പർ 16/2024-25

കേരള ഇൻസ്റ്റിറ്റൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്), ചേവായൂർ, കോഴിക്കോട് – **17** ലേക്ക് **27/03/2025** മുതൽ **29/03/2025** വരെ നടത്തുന്ന **The Confluence of Tribal Writers & International Tribal Literature Festival 2024-25** ന്റെ ഭാഗമായി നടത്തുന്ന വിവിധ പരിപാടികളുടെ ഭാഗമായി **HD Clarity** യിൽ ഫോട്ടോഗ്രാഫി വീഡിയോഗ്രാഫി ചെയ്യുന്നതിന് മുദ്രവെച്ച ക്വട്ടേഷനുകൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ക്ഷണിക്കുന്നു.

I	ഫോട്ടോഗ്രാഫി	**1.**	ഒരു ദിവസത്തെ പരിപാടി രാവിലെ **9** മണി മുതൽ രാത്രി **8** മണിവരെ ഫോട്ടോ എടുക്കുന്നതിനും ആയതിന്റെ സോഫ്റ്റ് കോപ്പി നൽകുന്നതിനും ആവശ്യമായ തുക ക്വാട്ട് ചെയ്യുക
		2.	ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നതിന് കുറഞ്ഞത് **20** ലീഫ് കണക്കാക്കി ഒരു ലീഫിന് ആവശ്യംവരുന്ന തുക ക്വാട്ട് ചെയ്യുക
II	വീഡിയോഗ്രാഫി	**1.**	ക്യാമറ സഹിതം ഒരു ദിവസത്തെ പരിപാടി രാവിലെ **9** മണി മുതൽ രാത്രി **10** മണിവരെ വീഡിയോഗ്രാഫി ചെയ്യുന്നതിന് ആവശ്യമായ തുക ക്വാട്ട് ചെയ്യുക
		2.	ക്യാമറ സഹിതം ഒരു മണിക്കൂർ സമയത്തേക്ക് വീഡിയോഗ്രാഫി ചെയ്യുന്നതിനുള്ള തുക ക്വാട്ട് ചെയ്യുക
		3.	ഒരു മണിക്കൂർ സമയത്തേക്ക് വീഡിയോ എഡിറ്റ് ചെയ്യുന്നതിനുള്ള തുക ക്വാട്ട് ചെയ്യുക.
		4.	വീഡിയോ **30** മിനുട് ദൈർഘ്യമുള്ള ഡോക്യുമെന്ററിയാക്കി പെൻഡ്രൈവിൽ തരുന്നതിനുള്ള തുക ക്വാട്ട് ചെയ്യുക
		5.	വീഡിയോ ഒരു മണിക്കൂർ ദൈർഘ്യമുള്ള ഡോക്യുമെന്ററിയാക്കി പെൻഡ്രൈവിൽ തരുന്നതിനുള്ള തുക ക്വാട്ട് ചെയ്യുക.

നിബന്ധനകൾ

1. ക്വട്ടേഷനിൽ പങ്കെടുക്കുന്നവരുടെ ഏതെങ്കിലും ഫോട്ടോപതിച്ച തിരിച്ചറിയൽ രേഖ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

2.ക്വട്ടേഷണറുടെ പാൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്

3. കേരള സർക്കാറിന്റെ ക്വട്ടേഷൻ സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

4. മുദ്രവെച്ച കവറുകൾ **25/03/2025** ന് രാവിലെ **11.00** മണി വരെ കിർടാഡ്സ് ഓഫീസിൽ സ്വീകരിക്കുന്നതായിരിക്കും.

5. ലഭിച്ച ക്വട്ടേഷനുകൾ **25/03/2025** ന് **3.00** മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുടേയോ അവരുടെ നിയമാനിസ്യത പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ തുക വകയിരുത്തിയ വ്യക്തിക്ക് /സ്ഥാപനത്തിന് ക്വട്ടേഷൻ താത്ക്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും

Signed by
Bindu S
Date: 17-03-2025 12:31:30

ഡയറക്ടർ

പകർപ്പ്

1 നോട്ടീസ് ബോർഡ്

2 കലക്ടറേറ്റ്, കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)

3 താലൂക്ക് ഓഫീസ്, കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്

4 കമ്പ്യൂട്ടർ ഓപ്പറേറ്റർ, കിർടാഡ്സ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

5 ആഫീസ് പകർപ്പ്

6 കരുതൽ ഫയൽ